36 (1630) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ

പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചന്വേഷിക്കാൻ ഇന്ന് സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനമുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) തൊഴിൽസ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെ എന്തെങ്കിലും പീഡനങ്ങൾ ഉണ്ടായതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തി, സംഭവങ്ങൾ ശരിയാണെന്ന് ബോദ്ധ്യമായാൽ കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

37 (1631) ഉന്നത ഉദ്യോഗസ്ഥരുടെ ടെലിഫോൺ സൗകര്യത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എസ്.ടി.ഡി. ടെലിഫോൺ സൗകര്യം ഉപയോഗിക്കുന്നതിന് ഏതെല്ലാം നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇപ്പോൾ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർക്ക് എസ്.ടി.ഡി. ടെലിഫോൺ അനുവദിക്കുന്നുണ്ട്;

(ഡി) വകുപ്പ് അദ്ധ്യക്ഷൻമാർക്ക് മാത്രമേ ഓഫീസിലും വീട്ടിലും എസ്.ടി.ഡി സൗകര്യമുള്ള ടെലിഫോൺ അനുവദിക്കാൻ പാടുള്ളൂവെന്ന് കർശനമായ നിർദ്ദേശം നൽകുമോ;

(ഇ) ഓഫീസിലും വീട്ടിലും എസ്.റ്റി.ഡി സൗകര്യമുള്ള ടെലിഫോൺ ഉപയോഗിക്കുന്ന ജില്ലാ ഓഫീസർമാരുടെയും മേഖലാ ഓഫീസർമാരുടെയും ടെലിഫോൺ സൗകര്യം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ടെലിഫോണിന് വേണ്ടി അനുവദിച്ചിട്ടുള്ള തുകയുടെ 25% വെട്ടിക്കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ അനുവദിക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly